
കഥ: എം.ജി. ബാബു | ജി.പി. രാമചന്ദ്രൻ | ഒ. അബ്ദുല്ല

₹ 12

# ചന്ദ്രിക

ഒക്ടോബർ 15-21

ആഴ്ചപ്പതിപ്പ്



## അവർ നമ്മെ കാണുന്ന വിധം

മലയാളിയെ വിദേശികൾ എങ്ങനെയാണ് വിലയിരുത്തുന്നത്?

റെൻഫ്രെഡ് | ലോറോസ് | കീലി സുട്ടൺ

കീലി സൂട്ടൺ/ ടി.മൻസൂറലി

He is called Sultan Auliya
His mother and father are great

He came from his father as leader
His fame fills all seven skies

He saw the 7 skies simultaneously
He holds a kigly position among the angels

He has the sea of sharira on (his) right

# മോയിൻകുട്ടി വൈദ്യരു



റൊണാൾഡ് മില്ലർ, സ്റ്റീവൻഡേർ തുടങ്ങിയവരുടെ പുസ്തകങ്ങളിൽ നിന്നാണ് മാപ്പിളപ്പാട്ട് എന്ന കാവ്യശാഖയെ അടുത്തറിഞ്ഞത്. വളരെ താൽപര്യത്തോടെ മാപ്പിളപ്പാട്ടിനെ കൂടുതലറിയാനായി ശ്രമിച്ചപ്പോഴാണ് മനസ്സിലായത് ഇംഗ്ലീഷിൽ മാപ്പിളപ്പാട്ട് സംബന്ധിയായ പുസ്തകങ്ങൾ ഇല്ലെന്ന്. ഇത്ര മനോഹരമായ ഒരു കാവ്യരൂപത്തെ കുറിച്ച് ഇംഗ്ലീഷിൽ വലിയ പഠനങ്ങൾ നടന്നിട്ടില്ല എന്നതാണ് പ്രധാനമായും ഗവേഷണ വിഷയമായി മാപ്പിളപ്പാട്ട് തിരഞ്ഞെടുക്കാൻ കാരണം. എന്റെ പഠനവിഷയം മാപ്പിളപ്പാട്ടിന്റെ സാഹിത്യചരിത്രമാണ്. ഞാൻ അന്വേഷിക്കുന്നത് ഖാസിമുഹമ്മദിൽ നിന്ന് തുടങ്ങി മോയിൻകുട്ടി വൈദ്യർവരെയുള്ളവരുടെ ചരിത്രമാണ്.

# ഞാനും



The sea of haqiqa on (his) left

Above the sky and below the earth
His fame spreads like a flag

He is Shaikh Abdul Kadiri kailani
He came as a leader for all the Shaikhs

**നി**ങ്ങൾ മുകളിൽ വായിച്ചവരികൾ ഏതെങ്കിലും ഇംഗ്ലീഷ് കവിതയുടെ ഭാഗമൊന്നുമല്ല കേട്ടോ. അറബിമലയാള സാഹിത്യത്തിലെ അഥവാ മാപ്പിളപ്പാട്ട് സാഹിത്യത്തിലെ പ്രഥമ കാവ്യമായ മുഹ്‌യുദ്ദീൻ മാലയുടെ ഇംഗ്ലീഷ് വിവർത്തനമാണിത്. മുഹ്‌യുദ്ദീൻ മാലയടക്കമുള്ള മാപ്പിളപ്പാട്ടുകളിൽ പലതിനേയും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാൻ ശ്രമിക്കുന്നത് അമേരിക്കൻ ഗവേഷകയായ കീലി സൂട്ടൺ ആണ്. ടെക്സാസ് യൂണിവേഴ്സിറ്റിയിലെ ഏഷ്യൻ സ്റ്റഡീസ് വിഭാഗത്തിൽ മാപ്പിളപ്പാട്ടിനെ സംബന്ധിച്ച് ഗവേഷണം നടത്തുന്ന കീലി പഠനാവശ്യാർത്ഥം കേരളത്തിൽ വരുന്നത് ഇത് നാലാം തവണയാണ്. കാലിക്കറ്റ് സർവ്വകലാശാല മലയാള വിഭാഗം തലവനായ ഡോ.എം.എൻ.കാരശ്ശേരിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ തേടിയാണ് കീലി ഇപ്പോൾ കേരളത്തിലെത്തിയിരിക്കുന്നത്. ഇംഗ്ലീഷ്, സ്പാനിഷ്, ഫ്രഞ്ച്, അറബിക്, സംസ്കൃതം തുടങ്ങിയ ഭാഷകളും അറിയാവുന്ന കീലി നല്ല ശുദ്ധമലയാളത്തിലാണ് നമ്മോട് സംസാരിക്കുന്നത്.

*മാപ്പിളപ്പാട്ട് സംബന്ധമായി കേരളത്തിൽ വലിയ പഠനങ്ങളൊന്നും നടന്നില്ല, പിന്നെങ്ങനെയാണ് താങ്കൾ ഇത്തരം ഒരു വിഷയം തിരഞ്ഞെടുത്തത്. യഥാർത്ഥത്തിൽ എന്താണ്*

◀ *കീലി സൂട്ടൺ, വിളയിൽ ഫസീല*

*താങ്കളുടെ ഗവേഷണ വിഷയം?*

അമേരിക്കയിൽവെച്ച് കേരളത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും സംബന്ധിച്ച നിരവധി പുസ്തകങ്ങൾ ഞാൻ വായിച്ചിരുന്നു. വായനയിലൂടെയാണ് കേരളത്തിലെ മാപ്പിളമാരെക്കുറിച്ചും അവരുടെ സംസ്കാരത്തെ കുറിച്ചും ആദ്യമായി മനസ്സിലാക്കിയത്. റൊണാൾഡ് മില്ലർ, സ്റ്റീവൻദേർ തുടങ്ങിയവരുടെ പുസ്തകങ്ങളിൽ നിന്നാണ് മാപ്പിളപ്പാട്ട് എന്ന കാവ്യശാഖയെ അടുത്തറിഞ്ഞത്. വളരെ താൽപര്യത്തോടെ മാപ്പിളപ്പാട്ടിനെ കൂടുതലറിയാനായി ശ്രമിച്ചപ്പോഴാണ് മനസ്സിലായത് ഇംഗ്ലീഷിൽ മാപ്പിളപ്പാട്ട് സംബന്ധിയായ പുസ്തകങ്ങൾ ഇല്ലെന്ന്. ഇത്ര മനോഹരമായ ഒരു കാവ്യരൂപത്തെ കുറിച്ച് ഇംഗ്ലീഷിൽ വലിയ പഠനങ്ങൾ നടന്നിട്ടില്ല എന്നതാണ് പ്രധാനമായും ഗവേഷണ വിഷയമായി മാപ്പിളപ്പാട്ട് തിരഞ്ഞെടുക്കാൻ കാരണം. എന്റെ പഠനവിഷയം മാപ്പിളപ്പാട്ടിന്റെ സാഹിത്യചരിത്രമാണ്. ഞാൻ അന്വേഷിക്കുന്നത് ഖാസിമുഹമ്മദിൽ നിന്ന് തുടങ്ങി മോയിൻകുട്ടി വൈദ്യർവരെയുള്ളവരുടെ ചരിത്രമാണ്.

മാപ്പിളപ്പാട്ടിലെ ആദ്യകൃതിയായ മുഹിയുദ്ദീൻ മാല രചിച്ച ഖാസിമുഹമ്മദിനെ പോലുള്ളവരുടെ ചരിത്രം പഠിക്കപ്പെടാതെ പോയി എന്നത് സങ്കടകരമാണ്. ഖാസിമുഹമ്മദ് വലിയ പണ്ഡിതനും നിരവധി ഭാഷകളിൽ പ്രാവീണ്യം ഉള്ള ആളുമായിരുന്നു.

*മാപ്പിളപ്പാട്ടിന്റേതായി മറ്റെന്തെല്ലാം സവിശേഷതകളാണ് താങ്കൾക്ക് അനുഭവപ്പെട്ടത്?*

റോണാൾഡ്മില്ലറുടെ പുസ്തകത്തിൽ മാപ്പിളപ്പാട്ടിന്റെ വിവിധ ശാഖകളെക്കുറിച്ച് പറയുന്നുണ്ട്. മാലപ്പാട്ട്, പടപ്പാട്ട്, കത്ത്പാട്ട്, കപ്പപ്പാട്ട്, പക്ഷിപ്പാട്ട് എന്നിങ്ങനെ വ്യത്യസ്ത ഇശലുകളിലാണല്ലോ ഇവ രചിക്കപ്പെട്ടിട്ടുള്ളത്. ഇവയെ വേർതിരിച്ചെടുത്ത്, ഇവയുടെ സവിശേഷതകൾ പഠിക്കേണ്ടിയിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ മാപ്പിളപ്പാട്ട് എന്നത് മലയാളം ലിറ്ററേച്ചർ ആണ്. മലയാള സാഹിത്യ ചരിത്രത്തിൽ മാപ്പിളപ്പാട്ടിനെക്കൂടി ഉൾപ്പെടുത്തണം. മലയാള സാഹിത്യ ഗ്രന്ഥങ്ങളിലും മാപ്പിളപ്പാട്ടിനെ ഫോക്സോങ്ങ് എന്ന നിലയിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്തിനാണ് മാപ്പിളപ്പാട്ടിനെ ഫോക്സോങ്ങ് മാത്രമായി ചിത്രീകരിക്കുന്നത്? അത് പലപ്പോഴും വലിയൊരു പൊളിറ്റിക്സ് മുമ്പോട്ട് വച്ചിരുന്നല്ലോ, പടപ്പാട്ടുകളിലും മറ്റും എനിക്ക് തോന്നുന്നത് മണിപ്രവാള ഭാഷയുടെ സ്ഥാനമാണ് അറബിമലയാള ഭാഷയ്ക്ക് മലയാളത്തിൽ ഉള്ളത് എന്നാണ്.

*മലയാളം പഠിക്കുക എന്നത് മറ്റു ഭാഷക്കാരെ സംബന്ധിച്ച് വിഷമകരമായ ഒന്നാണ്. എങ്ങനെയാണ് ഇത്ര സുന്ദരമായി മലയാളം സംസാരിക്കാൻ പഠിച്ചത്?*

2006 മുതലാണ് ഞാൻ മലയാളം പഠിക്കാൻ തുടങ്ങിയത്. അമേരിക്കയിൽ എന്റെ യൂണിവേഴ്സിറ്റിയിൽ ഒരു പ്രൊഫസറുണ്ട്. ഡോ.ഉണ്ണിത്താൻ. തിരുവനന്തപുരമാണ് അദ്ദേഹത്തിന്റെ സ്വദേശം. അദ്ദേഹമാണ് എന്നെ മലയാളം പഠിപ്പിച്ചത്. കഴിഞ്ഞ രണ്ട് വേനൽക്കാലത്തും മലയാളം പഠിക്കാനായി ഞാൻ തിരുവനന്തപുരത്ത് വന്നിരുന്നു. പക്ഷേ എനിക്ക് ഒരു വലിയ ബുദ്ധിമുട്ടായത് അറബിമലയാളം പഠിക്കുക എന്നതിലായിരുന്നു. അമേരിക്കയിൽ വെച്ച് ഒരു വർഷത്തോളം ഞാൻ അറബി പഠിച്ചിരുന്നു. അഞ്ച് വർഷമായി മലയാളവും. പക്ഷേ അമേരിക്കയിൽ അറബിമലയാളം പഠിക്കുക പ്രയാസമായിരുന്നു. കാരണം അറബിമലയാളം അറിയുന്നവർ അവിടെ ഇല്ല. മാപ്പിളപ്പാട്ടിനെക്കുറിച്ച് കൂടുതലറിയാൻ അറബിമലയാളം നിർബന്ധവുമാണല്ലോ.

*എങ്ങനെയാണ് താങ്കളുടെ സ്കൂൾ, കോളജ് വിദ്യാഭ്യാസം? ഇവിടുത്തെ പോലെയാണോ അവിടുത്തേയും വിദ്യാഭ്യാസ രീതി?*

വിദ്യാഭ്യാസ സമ്പ്രദായം ഇവിടെയുള്ള പോലെ തന്നെയാ അവിടെയും. നാലഞ്ച് വയസാകുമ്പോൾ കിന്റർഗാർഡനിൽ പോവും. പിന്നെ ഫസ്റ്റ്ഗ്രേഡ്, സെക്കന്റ് ഗ്രേഡ് എന്ന രീതിയിൽ ആരംഭിക്കുന്ന സ്കൂൾതലം റ്റൽത്ത് ഗ്രേഡിൽ അവസാനിക്കുന്നു. ഇവിടുത്തെ പ്ലസ്ടു പോലെ അവിടെ ഹൈസ്കൂൾ എന്ന്പറയുന്നത് നയൻത്ത് മുതൽ റ്റൽത്ത് വരെയാണ്. ഹൈസ്കൂൾകാലം എനിക്ക് തീരെ ഇഷ്ടമില്ലായിരുന്നു. പല അധ്യാപകരും ചീത്ത അധ്യാപകരായിരുന്നു. അതിനാൽ തന്നെ ഹൈസ്കൂളിന് ശേഷം നാല് വർഷം ഞാൻ പഠിക്കാനൊന്നും പോയില്ല. പല ജോലികൾക്കും പോയി. സ്കീഷോപ്പിൽ ഒരു സ്ഥാപനത്തിൽ സെക്രട്ടറിയായി, ഒരു റെസ്റ്റോറന്റിൽ, ചേംബർ ഓഫ് കൊമേഴ്സിൽ എന്നിങ്ങനെ പല സ്ഥലങ്ങളിൽ. നാല് വർഷത്തെ ജോലിക്ക് ശേഷമാണ് അപ്പഗന്റ് യൂണിവേഴ്സിറ്റിയിൽ ബി.എ.യ്ക്ക് ചേരുന്നത്.

ഫിലോസഫി ആന്റ് റിലീജ്യനായിരുന്നു ബി.എ.യ്ക്ക് എന്റെ മെയിൻ സബ്ജക്ട്. എം.എ.പഠനത്തിന് ബിഗ്ഫോറസ്റ്റ് യൂണിവേഴ്സിറ്റിയിൽ സ്കോളർഷിപ്പോടെ പ്രവേശനം കിട്ടി. പി.എച്ച്.ഡിക്ക് ടെക്സാസ് യൂണിവേഴ്സിറ്റിയിലെ ഏഷ്യൻസ്റ്റഡീസ് വിഭാഗത്തിൽ പ്രവേശനം ലഭിച്ചു. എന്റെ നാട്ടിൽ നിന്ന് മൂന്ന് ദിവസം സഞ്ചരിക്കണം ടെക്സാസിലെത്താൻ.

ഇവിടെ വന്നിട്ട് എനിക്ക് അത്ഭുതം തോന്നിയത് ഇവിടെ യൂണിവേഴ്സിറ്റിയിൽ കുറെ അവധിയുണ്ട് എന്നതാണ്. അമേരിക്കയിൽ ഇത്തരം അവധിയൊന്നുമില്ല, അവിടെ എല്ലാദിവസവും ക്ലാസ് ഉണ്ടാവും. അമേരിക്കയിൽ പി.എച്ച്.ഡി പ്രോഗ്രാമിന് നാല് വർഷം ക്ലാസ് ഉണ്ട്. അതിന് ശേഷമാണ് ടോപ്പിക്കിൽ റിസർച്ച് ചെയ്യുന്നത്. എന്റെ കറന്റ് യൂണിവേഴ്സിറ്റിയായ ടെക്സാസ് ഓസ്റ്റൻ അമേരിക്കയിലെ വലിയ യൂണിവേഴ്സിറ്റികളിൽ ഒന്നാണ്. 40000ത്തോളം വിദ്യാർത്ഥികൾ അവിടെയുണ്ട്. ക്യാമ്പസിനുള്ളിൽ ധാരാളം

*കീലി സൂട്ടൺ*

അമേരിക്കയിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടെന്നത് സത്യമാണ്. ഒരു വലിയ പ്രശ്നം ബിഗ്ബിസിനസ് ഇൻഡ്രസ്ട്രീസ് അമേരിക്കയിൽ നിന്നു പോവുന്നു എന്നതാണ്. അതിനാൽ ഗവൺമെന്റ് വരുമാനം കുറയുന്നു. അതുകൊണ്ടു തന്നെ വിദ്യാഭ്യാസം പോലുള്ള മേഖലകളിലേക്കുള്ള ഫണ്ട് ഗവൺമെന്റ് വെട്ടിക്കുറയ്ക്കുന്നു. യൂണിവേഴ്സിറ്റികളിലേക്കൊന്നും പുതിയ സ്കോളർഷിപ്പുകൾ അനുവദിക്കുന്നില്ല. ഇങ്ങനെ പോവുകയാണെങ്കിൽ ഇപ്പോഴത്തെ ഇക്കോണമിക് ക്രൈസിസിന്റെ തുടർച്ചയെന്നോണം എഡ്യുക്കേഷണൽ ക്രൈസിസ് ഉണ്ടാവും. അതിന് ശേഷം സോഷ്യൽ ക്രൈസിസ് ഉണ്ടാവും.



മാപ്പിളപ്പാട്ടു സാഹിത്യത്തിൽ മോയിൻകുട്ടി വൈദ്യർക്ക് പകരക്കാരനായി മറ്റൊരാളില്ല എന്നതാണ് ഞാൻ മനസ്സിലാക്കിയത്. ബദറുൽ മുനീർ ഹുസ്നുൽജമാലിനെപ്പോലെ മനോഹരമായ മറ്റൊരു പ്രണയകാവ്യം മലയാളത്തിൽ വേറെയുണ്ടോ. വൈദ്യരുടെ രചനാപാടവം ഏറ്റവും മികച്ച് നിൽക്കുന്നത് അദ്ദേഹത്തിന്റെ പടപ്പാട്ടുകളിലാണ്. ബദർ, ഉഹ്ദ്, മലപ്പുറം പടപ്പാട്ട് തുടങ്ങിയവയിൽ. മലപ്പുറം പടപ്പാട്ട് കൃത്യമായ ഒരു പൊളിറ്റിക്സ് മുന്നോട്ട് വെക്കുന്ന ഒന്നല്ലേ. ജന്മികുടിയാൻ സംഘർഷത്തിന്റെ കഥപറയുന്ന മലപ്പുറം പടയുടെ ഇശൽ വളരെ മികച്ചതാണ്. യുദ്ധം നമ്മുടെ കൺമുമ്പിൽ നടക്കുന്ന പ്രതീതി അതുണ്ടാക്കുന്നു.

---

ഹോസ്റ്റലുകളും ഹോട്ടലുകളും ബിയർ പാർലറുകളും ഒക്കെയുണ്ട്.

*താങ്കളുടെ വീട്, കുടുംബം എന്നിവയെക്കുറിച്ച് പറയാമോ?*

എനിക്ക് അമ്മയും അച്ഛനും രണ്ട് അനിയത്തിമാരും ഒരനിയനുമുണ്ട്. പിന്നെ വീട് നിറയെ പട്ടികളും! അനിയത്തിമാർ രണ്ടുംപേരും വിവാഹിതരായി. അനിയൻ കല്ല്യാണം കഴിച്ചിട്ടില്ല. അച്ഛൻ ഒരു ലാന്റ് സ്ക്കേപ്പ് ആർക്കിടെക്റ്റാണ്. കോഴിക്കോട് സിറ്റിയെപോലുള്ള സിറ്റിയാണ് എന്റേത്. വില്ലിംഗ്ടൺ കെയ്പ്ഫെയർ നദിക്കരയിലാണിത്. തൊട്ടടുത്ത് നോർത്ത്കരോലിന കടലുണ്ട്. ജനങ്ങൾ പല തൊഴിലുകൾ ചെയ്തു ജീവിക്കുന്നു. എന്റെ ഭർത്താവിന്റെ പേര് ടോഡ് വോൾഫ്. ടോഡിന്റെ നാട് മിയാമി, ഫ്ളോറിഡയിലാണ്.

*കേരളീയ സമൂഹം പലപ്പോഴും ചർച്ച ചെയ്യാറുള്ളതാണ് പാശ്ചാത്യരുടെ വിവാഹ രീതികളെപറ്റി. എങ്ങനെയായിരുന്നു താങ്കളുടെ വിവാഹം?*

ഞാനും ടോഡും പത്ത് വർഷംമുന് പരിചയപ്പെട്ടതാണ്. ഞങ്ങൾ ഒരേ ക യിൽ ജോലിചെയ്യുകയായിരുന്നു. കുറേ വർഷം ഫ്രൻസായി നടന്നു. അഞ്ച് വർഷത്തിന് ശേഷം എൻഗേജ് ചെയ്തു. ശേഷം വിവാഹം കഴിച്ചു. അമേരിക്കയിൽ അറേൻജ്ഡ് മാര്യേജ് ഉണ്ടെങ്കിലും ലവ് മാര്യേജാണ് കൂടുതലും നടക്കുന്നത്. എന്റെ വീട്ടിൽവെച്ചായിരുന്നു എന്റെ വിവാഹം.വിവാഹ


*പി.എൻ.എം. ആലിക്കോയ,*
*കീലി സൂട്ടൺ*



ശേഷം പാർട്ടിയുണ്ടായിരുന്നു. ബാന്റ് മേളം ഉണ്ടായിരുന്നു. ഏകദേശം പത്ത് മണിക്കൂർ നീളുന്ന ഒരു ഫങ്ഷൻ.

*അമേരിക്കയിൽ വിവാഹത്തെക്കുറിച്ച് സംസാരിക്കുമ്പോൾ കയറിവരുന്ന ഒന്നാണ് കൗമാരക്കാർക്കിടയിൽ ഉള്ള ഡേറ്റിംഗ് സിസ്റ്റം. ഡേറ്റിംഗ് സിസ്റ്റത്തെക്കുറിച്ച് ഒന്ന് വിവരിക്കാമോ?*

അമേരിക്കൻ കൾച്ചറിന്റെ ഭാഗമാണ് ഡേറ്റിംഗ് സിസ്റ്റം. ആൺകുട്ടിയും പെൺകുട്ടിയും കണ്ട് ഇഷ്ടപ്പെട്ടാൽ ആൺകുട്ടി ഒരു ഡേറ്റ് ചോദിക്കും പെൺകുട്ടിയോട്. സാധാരണ വീക്കെന്റാണ് ചോദിക്കുക. ഫ്രൈഡെ നൈറ്റ് ഒക്കെ, തുടർന്ന് പരസ്പരം ഇഷ്ടപ്പെട്ടാൽ ഒരു വർഷം, രണ്ട് വർഷം,ഒക്കെ ഡേറ്റ് ചെയ്യും. അതിന് ശേഷം കല്ല്യാണം കഴിക്കും. സ്വന്തമായി കാറുള്ളവർക്ക് ഡേറ്റിംഗ്എളുപ്പമാണ്. പതിനാറാം വയസ്സിൽ അമേരിക്കയിൽ ഡ്രൈവിംഗ് ലൈസൻസ് കിട്ടും.



കാറുണ്ടായാൽ ട്രിപ്പുകൾ, മൂവിക്ക് പോവൽ ഒക്കെ എളുപ്പമാണല്ലോ.

*അമേരിക്കൻ സംസ്കാരത്തെ സംബന്ധിച്ചുള്ള ഏതൊരു ചർച്ചക്കിടയിലും ഉയർന്ന് വരുന്ന ഒന്നാണ് ശിഥിലമാവുന്ന കുടുംബബന്ധങ്ങൾ. പ്രായമായ രക്ഷിതാക്കൾ അനാഥരായി മാറുന്ന അവസ്ഥയൊക്കെ എങ്ങനെയാണ്. അവിടുത്തെ കുടുംബവ്യവസ്ഥ?*

അമേരിക്കയിൽ കുട്ടികൾ എപ്പോഴും അച്ഛന്റെയും അമ്മയുടെയും കൂടെ താമസിക്കാറില്ല. പഠനശേഷം കുട്ടികൾ തനിച്ചൊക്കെ താമസിക്കും. ഫ്ളാറ്റൊക്കെയെടുത്ത്. വലുതായാൽ രക്ഷിതാക്കളും കുട്ടികളും ഒരുമിച്ച് താമസിക്കുക അപൂർവ്വമാണ്. എന്റെ അമ്മൂമ്മയ്ക്ക് ഇപ്പോൾ എൺപത് വയസ്സോളമുണ്ട്. അമ്മൂമ്മ തനിച്ചൊരുവീട്ടിൽ താമസിക്കുകയാണ്. അമേരിക്കയിൽ അതൊരുപ്രയാസമല്ല. പക്ഷേ എന്റെ വീട്ടിൽ അനിയൻ അച്ഛനും അമ്മയോടുമൊപ്പമാണ് താമസം.

*തത്വശാസ്ത്രത്തെക്കുറിച്ചും മതത്തെക്കുറിച്ചും ആഴത്തിൽ പഠിച്ച ഒരാളാണല്ലോ താങ്കൾ. വിശ്വാസപരമായ കാഴ്ചപ്പാട് ഒന്നു പങ്ക് വെക്കാമോ?*

എന്റെ അമ്മയും അച്ഛനും ക്രിസ്ത്യാനിറ്റിയിൽ വിശ്വസിക്കുന്നവരാണ്. കുട്ടിക്കാലത്ത് ഞാനും ക്രിസ്ത്യൻ ചർച്ചിൽ പോവാറുണ്ടായിരുന്നു. ബിരുദപഠന സമയത്ത് ഞാൻ മനസ്സിലാക്കിയത് ക്രിസ്റ്റ്യാനിറ്റി മാത്രമാണ് ശരിയെന്ന വാദം തെറ്റാണെന്നാണ്. എല്ലാ മതങ്ങൾക്കും കുറേ ശരികളുണ്ട്, കുറെ തെറ്റുകളും. എല്ലാമതങ്ങളും വീണ്ടും വീണ്ടും വിഭജിക്കപ്പെട്ടിരിക്കയല്ലേ. ക്രിസ്റ്റ്യാനിറ്റിയാണെങ്കിൽ പ്രൊട്ടസ്റ്റന്റ് , റോമൻകത്തോലിക്ക തുടങ്ങി പല ഉപവിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമാണെങ്കിൽ സുന്നികൾ, ഹനഫികൾ, ശിയാക്കൾ എന്നിങ്ങനെ നിരവധി ഗ്രൂപ്പുകൾ. ഇങ്ങനെ വരുമ്പോൾ ഏതാണ് ശരി എന്ന ചോദ്യം വരും.

എനിക്ക് ഗാന്ധിസം ഇഷ്ടമാണ്. ബുദ്ധിസം ഇഷ്ടമാണ്. എന്റെ എം.എ. തീസീസ് ബുദ്ധിസത്തിൽ ആയിരുന്നു. ബുദ്ധിസവും സ്ത്രീകളും എന്ന വിഷയത്തിൽ. ഇവിടെ എനിക്ക് മോസ്കിലും ചർച്ചിലും അമ്പലത്തിലുമൊക്കെ പോവാൻ ആഗ്രഹമുണ്ട്. അമ്പലത്തിൽ പോവണമെങ്കിൽ ഹിന്ദുവായിരിക്കണമെന്ന് കേട്ടു. എല്ലാവർക്കും എല്ലായിടത്തും പോവാൻ അവസരം വേണ്ടേ.

*കീലി, നമുക്ക് കേരളത്തിലേക്ക് തന്നെ തിരിച്ചുവരാം?*

അതിനു മുമ്പ് ചോദ്യം. മാധ്യമങ്ങളെല്ലാം പറയുന്നത് അമേരിക്ക വൻ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നെന്നാണ്.വാസ്തവത്തിൽ എന്താണ് അമേരിക്കയിൽ സംഭവിക്കുന്നത്.

അമേരിക്കയിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടെന്നത് സത്യമാണ്. ഒരു വലിയ പ്രശ്നം ബിഗ്ബിസിനസ് ഇൻഡ്രസ്ട്രീസ് അമേരിക്കയിൽ നിന്നു പോവുന്നു എന്നതാണ്. അതിനാൽ ഗവൺമെന്റ് വരുമാനം കുറയുന്നു. അതുകൊണ്ടു തന്നെ വിദ്യാഭ്യാസം പോലുള്ള മേഖലകളിലേക്കുള്ള ഫണ്ട് ഗവൺമെന്റ് വെട്ടിക്കുറയ്ക്കുന്നു. യൂണിവേഴ്സിറ്റികളിലേക്കൊന്നും പുതിയ സ്കോളർഷിപ്പുകൾ അനുവദിക്കുന്നില്ല. ഇങ്ങനെ പോവുകയാണെങ്കിൽ ഇപ്പോഴത്തെ ഇക്കോണമിക് ക്രൈസിസിന്റെ തുടർച്ചയെന്നോണം എഡ്യുക്കേഷണൽ ക്രൈസിസ് ഉണ്ടാവും. അതിന് ശേഷം സോഷ്യൽ ക്രൈസിസ് ഉണ്ടാവും. ജോബ്സെക്യൂരിറ്റി ഇല്ലാതാവുകയാണ്. ഗവൺമെന്റ് പണം ചെലവാക്കുന്നത് വാറിന് മാത്രമാണ്. സാധാരണ ജനങ്ങൾ ഒരിക്കലും വാർ ഇഷ്ടപ്പെടുന്നില്ല.

*എന്താണ് താങ്കളുടെ ഗവേഷണത്തിന് പുറത്തുള്ള ജീവിതം. വായന, എഴുത്ത് അങ്ങനെ വല്ല സർഗാത്മക പ്രവർത്തനങ്ങളും?*

ഇലക്ട്രോണിക് മ്യൂസിക് എനിക്കിഷ്ടമാണ്. ഫിക്ഷനും, നോൺ ഫിക്ഷനുമൊക്കെ വായിക്കാറുണ്ട്. കവിതയാണ് എനിക്കേറെയിഷ്ടം. എന്റെ പ്രിയ എഴുത്തുകാർ വാൾട്ട് വിറ്റ്മാൻ, ടി.എസ്.എലിയറ്റ്, പാബ്ലോ നെരൂദ എന്നിവരാണ്. പ്രധാനഹോബി കവിതയെഴുത്താണ്. എന്റെ ഒരു കവിത ഞാൻ പറയാം.

I looked for you എന്ന കവിത:

I looked for you in the silent places
In the shrouded stone mountains
In the cadence of raindrops
In the damp hollow fog
I looked for you in the crouded cities
Among the banal menace of men
In the vast lonely libraries
searching the spaces between words

മലയാളത്തിൽ കുഞ്ഞുണ്ണിമാഷുടെ കവിതകൾ എനിക്ക് വളരെ ഇഷ്ടമാണ്. കുഞ്ഞുണ്ണിമാഷുടെ പലകവി



തകളും ഞാൻ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാൻ ശ്രമിച്ചിരുന്നു. എനിക്കുണ്ടൊരുലോകം, നിനക്കുണ്ടൊരു ലോകം, നമുക്കില്ലൊരു ലോകം എന്നതിനെ I have a world, You have a world, we dont have a world എന്നിങ്ങനെ.

*നമുക്ക് മാപ്പിളപ്പാട്ടിലേക്ക് തിരിച്ചു വരാം. ആരാണ് പ്രിയപ്പെട്ട മാപ്പിളപ്പാട്ടുകാരൻ?*

മാപ്പിളപ്പാട്ടു സാഹിത്യത്തിൽ മോയിൻകുട്ടി വൈദ്യർക്ക് പകരക്കാരനായി മറ്റൊരാളില്ല എന്നതാണ് ഞാൻ മനസ്സിലാക്കിയത്. ബദറുൽ മുനീർ ഹുസ്നുൽജമാലിനെപ്പോലെ മനോഹരമായ മറ്റൊരു പ്രണയകാവ്യം മലയാളത്തിൽ വേറെയുണ്ടോ. വൈദ്യരുടെ രചനാപാടവം ഏറ്റവും മികച്ച് നിൽക്കുന്നത് അദ്ദേഹത്തിന്റെ പടപ്പാട്ടുകളിലാണ്. ബദർ, ഉഹ്ദ്, മലപ്പുറം പടപ്പാട്ട് തുടങ്ങിയവയിൽ. മലപ്പുറം പടപ്പാട്ട് കൃത്യമായ ഒരു പൊളിറ്റിക്സ് മുന്നോട്ട് വെക്കുന്ന ഒന്നല്ലേ. ജന്മികുടിയാൻ സംഘർഷത്തിന്റെ കഥപറയുന്ന മലപ്പുറം പടയുടെ ഇശൽവളരെ മികച്ചതാണ്. യുദ്ധം നമ്മുടെ കൺമുമ്പിൽ നടക്കുന്ന പ്രതീതി അതുണ്ടാക്കുന്നു.

*എങ്ങനെയാണ് നിങ്ങൾ കേരളീയ സമൂഹത്തെ നോക്കികാണുന്നത്. പ്രത്യേകിച്ച് മാപ്പിളമാരെ?*

ഞാൻ നേരത്തെ പറഞ്ഞില്ലേ എന്റെ എം.എ.പഠനം ഫിലോസഫി ഇൻ റിലീജ്യനിലാണെന്ന്. അതിനാൽ തന്നെ ക്രിസ്ത്യാനിസം, ഇസ്ലാമിസം, ബുദ്ധിസം എന്നിവയെ കുറിച്ചെല്ലാം പഠിച്ചിട്ടുണ്ട്. ഹിന്ദുയിസവും ഇസ്ലാമിസവും, ക്രിസ്ത്യാനിസവും അൽപാൽപ്പം ബുദ്ധിസവും ജൈനിസവും ചേർന്ന ഒരു മിശ്ര സംസ്കാരമാണല്ലോ കേരളത്തിലേത്. അതുകൊണ്ട് തന്നെ കേരളത്തിൽ സംസ്കാരത്തെ സംബന്ധിച്ച പഠനം എനിക്ക് വളരെ താത്പര്യമുള്ളതാണ്. ഇത്ര വൈവിധ്യം നിറഞ്ഞ ഒരു സംസ്കാരം ലോകത്ത് വേറെവിടെങ്കിലും കാണുക പ്രയാസമാണ്.

കേരളത്തിൽ പോർച്ചുഗീസുകാർക്ക് മുമ്പ് തന്നെ മുസ്ലിംകൾ ഉണ്ടല്ലോ. അതിനാൽ തന്നെ മികച്ചൊരു സാംസ്കാരിക ഇടമാണ് കേരളത്തിലെ മുസ്ലിംകൾക്ക് ലഭിച്ചത്. കച്ചവടത്തിന്റെ വലിയൊരു പാരമ്പര്യം തന്നെ കേരളത്തിലെ മുസ്ലിംകൾക്കുണ്ടല്ലോ. പക്ഷേ ഉത്തരേന്ത്യൻ മുസ്ലിംകൾ ഇങ്ങനെയല്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതുപോലെ കേരളത്തിലെ മുസ്ലിംകൾ ശാഫി പാത പിന്തുടരുന്നവരും ഉത്തരേന്ത്യൻ ഹനഫികളുമാണല്ലോ. വളരെ ശാന്തിയും സമാധാനവും ഇഷ്ടപ്പെടുന്നവരാണ് കേരളീയ മുസ്ലിംകൾ. സൗഹൃദത്തിന്റെ വലിയൊരു ചരിത്രം തന്നെ അവർക്ക് പറയാനുണ്ടല്ലോ. ഇത്തരം സവിശേഷതകളാണ് മാപ്പിളമാരെ മറ്റ് സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് എന്നെനിക്ക് തോന്നുന്നു. ■

*കീലി സുട്ടൺ, ഭർത്താവ് ടോഡ് വോൾഫ്* ▲